പാചകത്തൊഴിലാളികൾക്ക് ക്ഷേമനിധി

190 (6895) ശ്രീ. പുരുഷൻ കടവുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാചകത്തൊഴിലാളി ക്ഷേമനിധി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) അനാരോഗ്യ അന്തരീക്ഷത്തിൽ ജോലി ചെയ്യാൻ നിർബന്ധിക്കപ്പെടുന്ന പാചകതൊഴിലാളികൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്താനും തിരിച്ചറിയൽ കാർഡ് നൽകാനും നടപടി സ്വീകരിക്കാമോ ;

(സി) ഭക്ഷണ ശാലകളിലെ പാചകതൊഴിലാളികളുടെ ആരോഗ്യ പരിശോധനക്ക് തൊഴിൽ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഇവർക്ക് തൊഴിൽ വകുപ്പുവഴി പെൻഷൻ കാർഡ് നൽകുന്ന കാര്യം പരിഗണിക്കാമോ ?

ഉത്തരം

(എ) 27-1-2011-ലെ സർക്കാർ ഉത്തരവ് (കൈ.) നമ്പർ 9/2011/തൊഴിൽ പ്രകാരം കേരള പാചകത്തൊഴിലാളി ക്ഷേമനിധി പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

(ബി) കേരള പാചകത്തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന മുറയ്ക്ക് പാചകത്തൊഴിലാളികൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്താനും തിരിച്ചറിയൽ കാർഡ് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇല്ല.

(ഡി) നിലവിൽ പരിഗണനയിലില്ല.

പരമ്പരാഗത തൊഴിലാളികളുടെ പ്രശ്നങ്ങൾ

191(6896) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത തൊഴിലാളികളുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഇവരുടെ പെൻഷൻ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്ത് ഇപ്പോൾ എത്ര പരിഷ്കൃത വ്യവസായങ്ങളാണ് ഉള്ളത് ; അവ ഏതൊക്കെയാണ് ; ഈ മേഖലയിൽ ആകെ എത്ര തൊഴിലാളികൾ ഉണ്ട് ; വ്യവസായം തിരിച്ച് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly